നം: 47/PR/2023/I&PRD

ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്
ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
ഫോൺ : 0471 2518637
തീയതി : 13/10/2023

## ക്വട്ടേഷൻ ക്ഷണിക്കുന്നു

കേരളീയം 2023 പരിപാടിയുടെ പ്രചാരണ പ്രവർത്തനങ്ങളുടെ ഭാഗമായി ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിന്റെ നേതൃത്വത്തിൽ കനകക്കുന്നിൽ പ്രവർത്തിക്കുന്ന മീഡിയ സെന്ററിന്റെ നേതൃത്വത്തിൽ തിരുവനന്തപുരം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ സംഘടിപ്പിക്കുന്ന റാലി, കൂട്ടയോട്ടം, റോളർ സ്കേറ്റിങ് റാലി, സൈക്കിൾ റാലി എന്നിവയിൽ പങ്കെടുക്കുന്നവർക്ക് ഉപയോഗിക്കുന്നതിനായി 1000 എണ്ണം ടീ ഷർട്ടുകളും 500 എണ്ണം തൊപ്പികളും കേരളീയത്തിന്റെ ലോഗോ പ്രിന്റ് ചെയ്തു ലഭ്യമാക്കുന്നതിന് ഈ രംഗത്തു പ്രവർത്തിക്കുന്ന വ്യക്തികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും മുദ്രവച്ച ക്വട്ടേഷനുകൾ ക്ഷണിക്കുന്നു. ഓരോ പരിപാടിക്കും ആവശ്യമായ നിശ്ചിത എണ്ണം ടീ ഷർട്ടുകളും തൊപ്പികളും മീഡിയ സെന്ററിൽനിന്നുള്ള ഉദ്യോഗസ്ഥരുടെ നിർദേശാനുസരണമുള്ള വിവിധ സൈസുകളിൽ ലഭ്യമാക്കണം. മുദ്രവച്ച ക്വട്ടേഷനുകൾ **2023 ഒക്ടോബർ 20ന് ഉച്ചയ്ക്ക് 12:00നു** മുൻപായി ഡെപ്യൂട്ടി ഡയറക്ടർ(മീഡിയ റിലേഷൻസ്), ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്, ഒന്നാം നില, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം എന്ന വിലാസത്തിൽ ലഭ്യമാക്കണം. ക്വട്ടേഷനുകൾ **2023 ഒക്ടോബർ 20ന് ഉച്ചകഴിഞ്ഞു മൂന്നിനു** ഹാജരുള്ള ക്വട്ടേഷണർമാരുടെ സാന്നിധ്യത്തിൽ തുറക്കുന്നതും വർക്ക് ഓർഡർ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

ഡെപ്യൂട്ടി ഡയറക്ടർ(മീഡിയ റിലേഷൻസ്)
ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പ്

പകർപ്പ്
1) ഐപിആർഡി വെബ്സൈറ്റ്
2) നോട്ടീസ് ബോർഡ്
3) ഓഫിസ് കോപ്പി